സ്ഥലക്കുറവുണ്ട്. വളരെ ഇടുങ്ങിയ സ്ഥലത്താണ്, മാത്രവുമല്ല റോഡ് ഇനിയും വികസിക്കുമ്പോൾ ഇനിയും കൂടുതൽ സ്ഥലം അതിൽ നിന്ന് എടുക്കേണ്ടി വരും അല്ലെങ്കിൽ റോഡിന്റെ വികസനത്തിന് അത് തടസ്സമാകും. അതുകൊണ്ട് ഇപ്പോഴത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ തൊട്ടുമുൻപിൽ പുതിയൊരു ബോട്ടുജെട്ടി നിർമ്മിക്കണമെന്നാണ് അവരെടുത്ത തീരുമാനം. യഥാർത്ഥത്തിൽ അത് പുതിയ ബോട്ടുജെട്ടി അല്ല. ഇപ്പോൾ തന്നെ ഒരു വർഷത്തിൽ രണ്ട് മൂന്ന് മാസം അവിടെ നിന്ന് സർവ്വീസ് നടത്തുന്നുണ്ട് കനാലിൽ വെള്ളം കുറയുമ്പോൾ ഈ ബോട്ടുജെട്ടിയിൽ നിന്നാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ടൂറിസത്തിന് കൂടി പ്രാധാന്യം കൊടുത്തുകൊണ്ട് നല്ല ബോട്ടുജെട്ടി നിർമ്മിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന പുതിയ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ മുന്നിലുള്ള സ്ഥലമാണ് അതിന് അനുയോജ്യമായിട്ടുള്ളത്. അവിടെയാണ് ആവശ്യത്തിന് സ്ഥലം കിട്ടാൻ കൂടുതൽ സാദ്ധ്യതയുള്ളത്. ഈ സാഹചര്യത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് മാത്രമാണ് അവിടെ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതു പോലെ അവിടുത്തെ ഒരു ഹോട്ടൽ ഉടമയെയും എനിക്ക് അറിയില്ല. ഞാൻ കണ്ടിട്ടില്ല എനിക്ക് അവരെ ആരെയും അറിയില്ല. അത് പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. എന്നാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ പ്രശ്നം ഉന്നയിച്ച സാഹചര്യത്തിൽ തീർച്ചയായും ബന്ധപ്പെട്ടവരുമായി ഒന്നുകൂടി ആലോചിച്ച് യുക്തമായ തീരുമാനം എടുക്കാം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ഈ ട്രാൻസ്പോർട്ട് ബസ്സ്റ്റേഷന് മുന്നിൽ ബോട്ട് ജെട്ടിയിതിക്കുന്ന സ്ഥലം എന്നു പറയുന്നത് അവിടെ 5 സെന്റു സ്ഥലംപോലും കിട്ടാനില്ല. ബഹുമാനപ്പെട്ട മന്ത്രിയെ ആരാണ് ഇതുപോലെയുള്ള സ്ഥലം അവിടെ വില്പനയ്ക്ക് എടുക്കാനുണ്ടെന്നു മനസിലാക്കിക്കൊടുത്തതെന്നറിയില്ല. അതുസംബന്ധിച്ച് ഒന്നുകൂടി അന്വേഷിക്കണം.

<u>ശ്രീ. എൻ. ശക്തൻ</u> : തീർച്ചയായിട്ടും അത് പരിശോധിക്കാം.

<u>(2) കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ</u>

<u>ശ്രീ. കെ. സി. ജോസഫ്</u> : കണ്ണൂരിൽവെച്ച് എം.എൽ.എ.മാരുമായുള്ള ചർച്ചകളെ തുടർന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ വിമാനത്താവളത്തിന് ആവശ്യമായ
10.30 A.M. നടപടി സ്വീകരിക്കുമെന്നു പറയുകയുണ്ടായി. മന്ത്രിസഭ അനുകൂലമായ തീരുമാനം എടുത്തെങ്കിലും ഇപ്പോഴും കാര്യങ്ങൾ കൃത്യമായി നീങ്ങിയിട്ടില്ല. ഇതിനിടയ്ക്ക് വിമാനത്താവളത്തിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന രണ്ട് സ്പെഷ്യൽ തഹസിൽദാർമാരുടെ പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലം അക്വിസിഷൻ ആകെ സ്തംഭിച്ചിരിക്കുകയാണ്. ഇതിന് ആവശ്യമായ 128 ഏക്കർ സ്ഥലം അക്വയർ ചെയ്തെങ്കിലും ആ സ്ഥലം അന്യാധീനപ്പെട്ട അവസ്ഥയിലാണ്. വിമാനത്താവളത്തിനുള്ള കേന്ദ്രഗവൺമെന്റ് ക്ലിയറൻസ് കിട്ടണമെങ്കിൽ ഒന്നാമതായി ആവശ്യമായ സ്ഥലം ലഭ്യമാക്കണം. അത് ലഭ്യമാക്കാതെ കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ക്ലിയറൻസ് കിട്ടുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒന്നാമതായി നിറുത്തലാക്കിയ തസ്തിക പുനഃസ്ഥാപിച്ച് അക്വിസിഷൻ നടപടികൾ പുനരാരംഭിക്കണം. രണ്ടാമത്തേത് എറണാകുളത്തുവച്ചു നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തീരുമാനം അനുസരിച്ച് ലീലാപെന്റ് ഹോട്ടൽ ഗ്രൂപ്പ്, ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ അവിടെ സമ്മതിക്കുകയുണ്ടായി. ദയവായി ഗവൺമെന്റ് മുൻകയ്യെടുത്ത് അവരുമായി ചർച്ചകൾ നടത്തി ബി.ഒ.ടി. അടിസ്ഥാനത്തിൽ കണ്ണൂർ വിമാനത്താവളം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അക്വിസിഷൻ രംഗത്തുണ്ടായ മാന്ദ്യത പരിഹരിക്കണം. അക്വിസിഷൻ തുടർന്നു മുന്നോട്ട് കൊണ്ടു പോകണം.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : കണ്ണൂരിലെ മൂർഖൻ പറമ്പ് കേന്ദ്രമാക്കി 12,000 അടി റൺവേയൊടുകൂടിയ ഒരു പുതിയ വിമാനത്താവളം സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇക്കാര്യത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിമാനത്താവള നിർമ്മാണത്തിന് മൊത്തം ആവശ്യമായി വരുന്ന 2,500 ഏക്കർ ഭൂമിയിൽ 1284.49 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിൽ 192.18 ഏക്കർ ഭൂമി അക്വയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡൽഹിയിലെ എഞ്ചിനീയറിംഗ് മാനേജ്മെന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് അയച്ച അവസരത്തിൽ അതൊരു വിദഗ്ദ്ധ സമിതിയുടെകൂടി പരിശോധനയ്ക്ക് അയയ്ക്കുകയുണ്ടായി. കേന്ദ്ര വ്യോമയാന മന്ത്രാലയം ഇതിനായി രൂപീകരിച്ച മുന്നംഗ വിദഗ്ദ്ധ സമിതിയിൽ മുൻസംസ്ഥാന ടൂറിസം സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ അംഗമായിരുന്നു. വിദഗ്ദ്ധ സമിതി റിപ്പോർട്ട് 25-2-2003 -ൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതിന്മേലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ വിശകലന റിപ്പോർട്ട് വ്യോമയാന മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട് എന്നു അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ട് മന്ത്രാലയം പരിശോധിച്ചുവരികയാണ്. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായി വരുന്ന ബാക്കി ഭൂമികൂടി അക്വയർ ചെയ്യാനും വിമാനത്താവള നിർമ്മാണവുമായി മുന്നോട്ട് പോകാനും കഴിയുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിവരികയാണ്.. കൂടാതെ കേരളത്തിലെ എം.പി.മാർ മുഖേന കേന്ദ്രഗവൺമെന്റിൽ നിന്നു ഈ പദ്ധതിക്ക് ആവശ്യമായ അംഗീകാരം ലഭ്യമാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ലാന്റ് അക്വിസിഷൻ ആഫീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സി. എം., കേന്ദ്രാനുമതിക്കുവേണ്ടി കാത്തിരിക്കേണ്ട കാര്യ ല്ല. സ്ഥലം അക്വിസിഷൻ നടത്തിക്കൂടെ ? ക്യാപ്റ്റൻ നായർ അങ്ങയുടെയും ശ്രദ്ധയിൽ പ്പെടുത്തി എന്നു പറഞ്ഞു. അവർ തയ്യാറായിട്ട് വരുമ്പോൾ നമ്മൾ സ്ഥല ലഭ്യമാക്കാൻവേണ്ടി ഇനിയും സമയം കൊടുക്കണമോ ? തത്വത്തിൽ അംഗീകരിച്ചുവെങ്കിൽ അക്വിസിഷൻ നടത്തിക്കൂടെ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കണ്ണൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എ മാരേയും ബി.ഒ.ടി.-യിൽ എടുക്കാം എന്നു പറഞ്ഞിട്ടുള്ള കൃഷ്ണൻ നായരേയു കൂടി വിളിച്ച് ഒരു ചർച്ച നടത്തി. കാരണം നമ്മൾ ലാന്റ് അക്വയർ ചെയ്ത കഴിഞ്ഞതിനുശേഷം മുമ്പോട്ട് പോകാൻ പറ്റാത്ത ഒരു സ്ഥിതിവിശേഷം വന്ന കഴിഞ്ഞാൽ അത് ഒരു വലിയ പ്രതിസന്ധിയായിരിക്കും. അതുകൊണ്ട് നമുക്ക അതിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം എങ്ങനെ മുന്നോട്ട് പോകാൻ സാധിക്ക മെന്നുള്ളതിന് വ്യക്തമായ ഒരു ധാരണയുടെ അടിസ്ഥാനത്തിലെ ഇനി മുന്നോ പോകാൻ സാധിക്കു. അതുകൊണ്ട് ഈ അസംബ്ലി സമ്മേളനത്തിന് ഇടയ്ക്കുതന കണ്ണൂർ ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ.മാരേയും എം.പി.മാരേയും ഇതിന വേണ്ടി മുന്നോട്ട് വന്നിട്ടുള്ള ഈ കമ്മിറ്റിക്കാരെയും ഒന്നിച്ച് വിളിച്ച് സംസാരിച്ചശേഷ അനന്തര നടപടികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

(3) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. എ. സി. ഷൺമുഖദാസ് : കുത്തനെയുള്ള വിലയിടിവും മഞ്ഞളി മഹാ രോഗങ്ങൾമൂലമുള്ള കൃഷിനാശവും ഉല്പാദനക്ഷമതയിൽ വന്ന കുറവും, ഉല്പാദ ചെലവിന്റെ വർദ്ധനവും എല്ലാമായി കേരളത്തിലെ ലക്ഷക്കണക്കിന് അടയ്ക്കാ കർഷക അനുഭവിക്കുന്ന ദുരിതം വേണ്ടത്ര ഗൗരവത്തോടുകൂടി നമുക്ക് എടുക്കാൻ കഴിഞ്ഞ എന്നു സംശയമുണ്ട്. അതുകൊണ്ടാണ് ഇക്കാര്യം ഞാനിവിടെ അവതരിപ്പിച്ചത കേരളത്തിന്റെ വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാ മലപ്പുറം, പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ പ്രദേശം തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറ പ്രദേശം എന്നിവിടങ്ങളിലൊക്കെ ലക്ഷക്കണക്കിന് കർഷകർ അവലംബിക്കുന്ന ഒ വരുമാന മാർഗ്ഗമായിരുന്ന അടയ്ക്കക്ക് 1968-ൽ ഒരു കിലോഗ്രാമിന് 161 രൂപ ഉണ്ടായിരുന്ന അതിപ്പോൾ കുത്തനെ ഇടിഞ്ഞ് 40-45 രൂപയായി താണിരിക്കുന്നു. ഗവൺമെന്റിന ഔദ്യോഗിക സ്ഥിതിവിവര കണക്ക് അനുസരിച്ച് അന്നുണ്ടായിരുന്ന ഉല്പാദ ചെലവ് ഒരു ഏക്കറിന് 3000 രൂപയായിരുന്നെങ്കിൽ ഇന്നത് 6000 രൂപയായി വർദ്ധി രിക്കുന്നു. എട്ടാം പദ്ധതിയിൽ ഈ കേട് വരുന്ന കവുങ്ങ് മുറിച്ചു മാറ്റാ ചുരുങ്ങിയത് 100 രൂപയെങ്കിലും കൊടുക്കാൻ പദ്ധതിയിൽ പണം ഉണ്ടായിരുന്ന ഒമ്പതാം പദ്ധതി പൂർണ്ണമായി മാറ്റിവെച്ചു. ഇപ്പോൾ പത്താം പദ്ധതിയുടെ ചർ നടക്കുകയാണ്. കേന്ദ്ര കൃഷിവകുപ്പ് അടയ്ക്കാ കൃഷിയെ സംബന്ധിച്ചിടത്തോള ഈ അടുത്ത കാലത്ത് ചില തീരുമാനങ്ങൾ എടുത്തു. ചെറിയ സംഖ്യ സംസ്ഥാ ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം കർണ്ണാടകയിലെ സമരത്തിന്റെ ഭാഗമായി 75 ശതമാനത്തിൽ നിന്നു 100 ശതമാനമായി ഉയർത്ത

LIBRARY ARCHIVES Kerala Legislative Assembly